**മധുരമായ കുട്ടികളേ – പുതിയ ലോകത്തിനായി ബാബ നിങ്ങൾക്ക് എല്ലാ പുതിയ കാര്യങ്ങളും കേൾപ്പിച്ചു തന്ന് പുതിയ മതം നൽകുന്നു, അതുകൊണ്ട് ബാബയുടെ ഗതിയും മതവും വേറിട്ടതാണെന്ന് മഹിമ പാടാറുണ്ട്.**

**ചോദ്യം** – ദയാമനസ്കനായ ബാബ എല്ലാകുട്ടികൾക്കും ഏതൊരു കാര്യത്തിലാണ് മുന്നറിയിപ്പ് നൽകി ഉയർന്ന ഭാഗ്യം പ്രാപ്തമാക്കിത്തരുന്നത്?

**ഉത്തരം** – ബാബ പറയുന്നു – കുട്ടികളേ, ഉയർന്ന ഭാഗ്യം പ്രാപ്തമാക്കണമെങ്കിൽ സേവനം ചെയ്യൂ. അഥവാ കഴിക്കുകയും ഉറങ്ങുകയും ചെയ്തു, സേവനം ചെയ്തില്ലെങ്കിൽ ഉയർന്ന ഭാഗ്യം പ്രാപ്തമാക്കാൻ സാധിക്കില്ല. സേവനം ചെയ്യാതെ കഴിക്കുന്നത് നിഷിദ്ധമാണ്, അതുകൊണ്ടാണ് ബാബ മുന്നറിയിപ്പ് നൽകുന്നത്. മുഴുവൻ ആധാരവും പഠിപ്പാണ്. നിങ്ങൾ ബ്രാഹ്മണർക്ക് പഠിക്കുകയും പഠിപ്പിക്കുകയും വേണം. സത്യമായ ഗീത കേൾപ്പിക്കണം. ബാബയ്ക്ക് ദയ തോന്നുന്നു. അതുകൊണ്ടാണ് ഓരോ കാര്യത്തിന്റെയും വെളിച്ചം നൽകുന്നത്.

**ഗീതം** – ഏതു ദിനം മുതൽ അങ്ങയും ഞാനും കണ്ടുമുട്ടിയോ, എല്ലാറ്റിലും പുതുമ .......

**ഓംശാന്തി**. ആത്മീയ അച്ഛനാണ് മനസ്സിലാക്കിത്തരുന്നത്. എപ്പോഴാണോ കുട്ടികൾക്ക് പരിധിയില്ലാത്ത അച്ഛനെ ലഭിക്കുന്നത്, അപ്പോൾ എല്ലാ കാര്യങ്ങളും പുതിയതാണ് കേൾപ്പിക്കുന്നത്, കാരണം ഈ ബാബ പുതിയ ലോകത്തെയാണ് സ്ഥാപിക്കുന്നത്. മനുഷ്യർക്ക് ഈ കാര്യങ്ങളൊന്നും കേൾപ്പിച്ചു തരാൻ സാധിക്കില്ല. ബാബ, ആരെയാണോ ഹെവൻലി ഗോഡ്ഫാദർ എന്ന് വിളിക്കുന്നത്, ആ പരിധിയില്ലാത്ത അച്ഛനാണ് സ്വർഗ്ഗത്തെ സ്ഥാപിക്കുന്നത്. നരകത്തെ സ്ഥാപിക്കുന്നത് രാവണനാണ്. അഞ്ചു വികാരങ്ങൾ സ്ത്രീയിലും, അഞ്ചുവികാരങ്ങൾ പുരുഷനിലുമാണ്, അതാണ് രാവണസമ്പ്രദായത്തിലുള്ളവർ. ഇത് പുതിയ കാര്യമല്ലേ കേൾപ്പിച്ചത്! പരമപിതാവായ പരമാത്മാവാണ് സ്വർഗ്ഗത്തെ സൃഷ്ടിക്കുന്നത്. അവരെയാണ് രാമൻ എന്നു പറയുന്നത്. നരകത്തെ സൃഷ്ടിക്കുന്നത് രാവണനാണ്, രാവണന്റെ ചിത്രമാണ് വർഷാവർഷം കത്തിക്കുന്നത്. ഒരു പ്രാവശ്യം കത്തിച്ചാൽ പിന്നെ ഒരിക്കലും അതിന്റെ കോലത്തെ കാണാൻ കഴിയുകയില്ല. ആ ആത്മാവ് പിന്നെ രണ്ടാമത് ശരീരമെടുക്കും. അവരുടെ രൂപം മാറും. പക്ഷേ രാവണന്റെ അതേ രൂപമാണ് വർഷാവർഷം ഉണ്ടാക്കുന്നതും കത്തിക്കുന്നതും. വാസ്തവത്തിൽ നിരാകാരനായ ശിവബാബയ്ക്ക് ഏതൊരു രൂപവുമില്ലാത്തത് പോലെ രാവണനും രൂപവുമൊന്നും ഇല്ല. വികാരത്തെയാണ് രാവണൻ എന്നു പറയുന്നത്. ബാബയാണ് ഇത് മനസ്സിലാക്കിത്തരുന്നത്. മനുഷ്യൻ ഭക്തിമാർഗ്ഗത്തിൽ എന്താണ് ആഗ്രഹിക്കുന്നത്? ഭഗവാൻ വരുന്നതു തന്നെ ഭക്തിയുടെ ഫലം നൽകാനാണ്, അഥവാ ഭക്തനെ രക്ഷിക്കാനാണ്, കാരണം ഭക്തർക്ക് ധാരാളം ദു:ഖമുണ്ട്. സുഖം അല്പകാലമാണ്, ക്ഷണഭംഗുരമാണ്. ഭാരതവാസികളുടെത് തീർത്തും ദു:ഖിയായ ജീവിതമാണ്. ചിലരുടെ കുട്ടികൾ മരണപ്പെടും, ചിലർ പാപ്പരായിത്തീരും, അപ്പോൾ ജീവിതം ദു:ഖകരമാവുകയില്ലേ. ബാബ പറയുന്നു – ഞാൻ വരുന്നതു തന്നെ എല്ലാവരുടെയും ജീവിതത്തെ സുഖിയാക്കി മാറ്റാനാണ്. ബാബ വന്ന് പുതിയ കാര്യങ്ങളാണ് പറഞ്ഞു തരുന്നത്. പറയുന്നു, ഞാൻ സ്വർഗ്ഗത്തെ സ്ഥാപിക്കുന്നതിനാണ് വരുന്നതെന്ന്. അവിടെ നിങ്ങൾ വികാരത്തിലേക്ക് പോവുകയില്ല. അത് നിർവ്വികാരി രാജ്യമാണ്, ഇത് വികാരിരാജ്യമാണ്. അഥവാ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ രാജ്യം വേണമെങ്കിൽ അത് ബാബയാണ് സ്ഥാപിക്കുന്നത്. നരകത്തിന്റെ രാജ്യം രാവണൻ സ്ഥാപിക്കുന്നു. അപ്പോൾ ബാബ ചോദിക്കുന്നു – നിങ്ങൾ സ്വർഗ്ഗത്തേക്കു പോകുമോ? വൈകുണ്ഠത്തിലെ മഹാരാജാ മഹാറാണി വിശ്വത്തിന്റെ അധികാരിയായിത്തീരുമോ? ഇത് ഏതൊരു വേദശാസ്ത്രങ്ങളിലെയോ കാര്യമല്ല. ബാബ ഇങ്ങനെ ഒരിക്കലും പറയുന്നില്ല രാമ–രാമ എന്നു ജപിക്കൂ , ഓരോ വീടു തോറും അലയൂ, ക്ഷേത്രങ്ങളിലും തീർത്ഥസ്ഥാനങ്ങളിലെക്കും പോകൂ, അഥവാ ഗീതയും ഭാഗവതവുമിരുന്നു പഠിക്കൂ എന്നൊക്കെ. സത്യയുഗത്തിൽ ശാസ്ത്രങ്ങളൊന്നും തന്നെ ഉണ്ടാകുന്നില്ല. നിങ്ങൾ എത്ര തന്നെ വേദശാസ്ത്രങ്ങൾ പഠിച്ചാലും, യജ്ഞം, തപം, ദാനപുണ്യ കർമ്മങ്ങൾ ചെയ്താലും – ഇതെല്ലാം തന്നെ അലച്ചിലാണ് ഇതിലൂടെ പ്രാപ്തിയൊന്നും തന്നെയില്ല. ഭക്തിമാർഗ്ഗത്തിൽ ലക്ഷ്യം ഒന്നും തന്നെയില്ല. ഞാൻ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റാൻ വന്നിരിക്കുകയാണ്. ഈ സമയം എല്ലാവരും നരകവാസികളാണ്. അഥവാ ആരോടെങ്കിലും നിങ്ങൾ നരകവാസിയാണെന്നു പറഞ്ഞാൽ അവർ ദേഷ്യപ്പെടും. വാസ്തവത്തിൽ നിങ്ങൾക്ക് അറിയാം നരകം എന്നത് കലിയുഗത്തെയും സ്വർഗ്ഗം സത്യയുഗത്തെയുമാണ് പറയുന്നത്. ബാബ വൈകുണ്ഠത്തിന്റെ ചക്രവർത്തി പദവിയാണ് കൊണ്ടു വന്നിരിക്കുന്നത്. പറയുന്നു സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരണമെങ്കിൽ തീർച്ചയായും പവിത്രമായിത്തീര

ണം. മുഖ്യമായ കാര്യം തന്നെ പവിത്രതയുടെതാണ്. പലരും പറയാറുണ്ട് ഞങ്ങൾക്ക് ഒരിക്കലും പവിത്രമായിരിക്കാൻ സാധിക്കുന്നില്ല. ബാബ നിങ്ങളെ സ്വർഗ്ഗത്തേക്കു കൊണ്ടുപോകാനാണ് പാവനമാക്കിത്തീർക്കുന്നത്. ആദ്യം ശാന്തിധാമത്തേക്കു പോയി പിന്നീട് സ്വർഗ്ഗത്തേക്കു വരണം. എല്ലാ ധർമ്മത്തിലുളളവരോടും പറയുന്നു, ദേഹത്തെ ഉപേക്ഷിച്ച് അശരീരിയായി തിരിച്ചുപോകണം. അതുകൊണ്ട് ദേഹാഭിമാനത്തെ ഉപേക്ഷിക്കൂ. ഞാൻ ക്രിസ്ത്യനാണ്, ബുദ്ധമതസ്ഥനാണ്..... ഇതെല്ലാം തന്നെ ദൈഹീകധർമ്മമാണ്. ആത്മാവ് മധുരമായ വീട്ടിലാണ് വസിക്കുന്നത്.

ഇപ്പോൾ ബാബ പറയുന്നു, തിരിച്ചു മുക്തിധാമത്തിലേക്കു പോകാം? അവിടെ നിങ്ങൾ ശാന്തിയിലിരിക്കും. പറയൂ നിങ്ങൾക്ക് എങ്ങനെ തിരിച്ചു പോകാൻ സാധിക്കും? അച്ഛനായ എന്നെയും മധുരമായ വീടിനെയും ഓർമ്മിക്കൂ. ദേഹത്തിന്റെ എല്ലാ ധർമ്മത്തെയും ഉപേക്ഷിക്കൂ. ഇത് അമ്മാവനാണ്, മുത്തശ്ശനാണ്... എന്നീ എല്ലാ ദൈഹീകധർമ്മത്തെയും ഉപേക്ഷിക്കൂ. സ്വയത്തെ ദേഹിയാണെന്നു മനസ്സിലാക്കൂ. എന്നെ ഓർമ്മിക്കൂ. ഇതിനു തന്നെയാണ് പ്രയത്നം, ബാക്കി ഒന്നും തന്നെ ഞാൻ കേൾപ്പിക്കുന്നില്ല. ശാസ്ത്രങ്ങൾ പഠിച്ചതെല്ലാം തന്നെ ഉപേക്ഷിക്കൂ. ഞാൻ പുതിയ ലോകത്തിനായി നിങ്ങൾക്ക് പുതിയ മതം നൽകുന്നു. പറയപ്പെടുന്നു - ഈശ്വരന്റെ ഗതിയും മതവും വേറെയാണെന്ന്. ഗതി എന്നു മുക്തിയെയാണ് പറയുന്നത്. ബാബ പുതിയ കാര്യമാണ് പറയുന്നത്. മനുഷ്യരും കേൾക്കുകയാണെങ്കിൽ പറയും ഇവിടെ പുതിയ കാര്യമാണ് കേൾപ്പിക്കുന്നതെന്ന്. ഇവിടെ ശാസ്ത്രങ്ങളുടെ കാര്യമൊന്നും തന്നെയില്ല. ഇവിടെ ഗീതയുടെ കാര്യമാണ്, പക്ഷേ മനുഷ്യർ ഗീതയും ഖണ്ഡനം ചെയ്തു. ഞാൻ ഗീതയുടെ പുസ്തകമൊന്നും തന്നെ വഹിക്കുന്നില്ല. അത് പിന്നീടാണ് ഉണ്ടാക്കപ്പെടുന്നത്. ഞാൻ ഗീതാജ്ഞാനമാണ് കേൾപ്പിക്കുന്നത്. ഇങ്ങനെ ഒരിക്കലും ആരും തന്നെ പറയുകയില്ല, നിങ്ങൾ എന്റെ സിക്കീലധേ കുട്ടികളാണെന്ന്. ഇത് നിരാകാരനായ പരമാത്മാവിനു മാത്രമേ പറയാൻ സാധിക്കൂ. നിരാകാരി ആത്മാക്കളോടാണ് സംസാരിക്കുന്നത്. ആത്മാവാണ് ഈ ശരീരത്തിലെ അവയവത്തിലൂടെ കേൾക്കുന്നത്. ഈ കാര്യങ്ങളൊന്നും തന്നെ ഒരിക്കലും ആരും തന്നെ മനസ്സിലാക്കുന്നില്ല. അവിടെ മനുഷ്യൻ മനുഷ്യന് കേൾപ്പിക്കുന്നു. ഇവിടെ പരമാത്മാവ് ആത്മാക്കൾക്കാണ് കേൾപ്പിക്കുന്നത്. നമ്മൾ ആത്മാക്കൾ ഈ ചെവിയിലൂടെ കേൾക്കുന്നു. നിങ്ങൾക്ക് അറിയാം പരമപിതാവായ പരമാത്മാവാണ് മനസ്സിലാക്കിത്തരുന്നതെന്ന്. മനുഷ്യർ കേട്ട് അത്ഭുതപ്പെടുന്നു - ഭഗവാൻ എങ്ങനെ കേൾപ്പിക്കുന്നു എന്ന്. അവർ കൃഷ്ണ ഭഗവാനുവാച എന്നാണ് മനസ്സിലാക്കുന്നത്. കൃഷ്ണൻ ദേഹധാരിയായിരുന്നില്ലേ. ഞാൻ ദേഹധാരിയല്ല, വിദേഹിയാണ്. വിദേഹി ആത്മാക്കൾക്കാണ് കേൾപ്പിക്കുന്നത്. ഈ പുതിയ കാര്യങ്ങൾ കേൾക്കുന്നതിലൂടെ മനുഷ്യർ അത്ഭുതപ്പെടും. ഏതു കുട്ടികളാണോ കല്പം മുമ്പ് കേട്ടിരുന്നത്, അവർക്ക് ഇത് കേട്ട് നന്നായിത്തോന്നും, പഠിക്കും, മമ്മാ -ബാബാ എന്നു പറയും. ഇതിൽ അന്ധവിശ്വാസത്തിന്റെ കാര്യമൊന്നും തന്നെയില്ല. ലൗകിക രീതിയിലും കുട്ടികൾ മാതാപിതാക്കളെ അച്ഛൻ-അമ്മ എന്നു വിളിക്കുന്നു. ഇപ്പോൾ നിങ്ങൾ ലൗകിക അച്ഛനമ്മമാരുടെ ഓർമ്മ ഉപേക്ഷിച്ച് പാരലൗകിക മാതാപിതാവിനെ ഓർമ്മിക്കൂ. ഈ പാരലൗകിക മാതാപിതാവ് നിങ്ങൾക്ക് അമൃതിന്റെ കൊടുക്കൽ-വാങ്ങൽ പഠിപ്പിക്കുന്ന ആളാണ്. പറയുന്നു - അല്ലയോ കുട്ടികളേ, ഇപ്പോൾ വിഷത്തിന്റെ കൊടുക്കൽ-വാങ്ങൽ ഉപേക്ഷിക്കൂ. ഞാൻ നിങ്ങൾക്ക് എന്ത് പഠിപ്പാണോ നൽകുന്നത് അത് മറ്റുളളവർക്ക് നൽകൂ എന്നാൽ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരും. കുറച്ചെങ്കിലും കേൾക്കുകയാണെങ്കിൽ സ്വർഗ്ഗത്തിലേക്ക് വരും. പക്ഷേ മറ്റുളളവരെ തനിക്കു സമാനമാക്കി മാറ്റുന്നില്ലെങ്കിൽ ദാസനോ ദാസിയോ ആയിത്തീരും. ദാസ-ദാസികളിലും നമ്പർവൈസായിരിക്കും. കുട്ടികളെ സംരക്ഷിക്കുന്ന ദാസ-ദാസിമാർ തീർച്ചയായും നല്ല പദവിയിലുളളവരായിരിക്കും. ഇവിടെയിരുന്നിട്ടും അഥവാ പഠിക്കുന്നില്ലെങ്കിൽ ദാസനോ ദാസിയോ ആയിത്തീരും. പ്രജയിലും നമ്പർവൈസാണ്. ആരാണോ നല്ല രീതിയിൽ പഠിക്കുന്നത് അവർ ഉയർന്ന പദവി നേടുന്നു. പ്രജകളിൽ ധനവാന്മാർക്കും ദാസ-ദാസിമാരുണ്ടാവും. ഓരോരുത്തരും അവരവരുടെ മുഖത്തെ നോക്കണം ഞങ്ങൾ എന്തായിത്തീരാനുളള യോഗ്യരാണെന്ന്? ബാബയോട് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ ബാബയ്ക്ക് പെട്ടെന്ന് പറയാൻ സാധിക്കും. ബാബയ്ക്ക് സർവ്വതും അറിയാം, എല്ലാം തന്നെ തെളിയിച്ചു പറഞ്ഞുതരികയും ചെയ്യും, ഈ കാരണത്താൽ നിങ്ങൾ ഇതായിത്തീരും. സമർപ്പണമായവരാണെങ്കിലും, അതിന്റെയും കണക്കുപുസ്തകമുണ്ട്. സമർപ്പണമായി പിന്നീട് സേവനമൊന്നുംതന്നെ ചെയ്യുന്നില്ലെങ്കിൽ, കേവലം കഴിച്ചും കുടിച്ചുമാണ് ഇരിക്കുന്നതെങ്കിൽ, എന്ത് നൽകിയോ അത് കഴിച്ച് തീർത്തു, കിട്ടിയതെല്ലാം തന്നെ കഴിച്ചുതീർത്തു, സേവനങ്ങളൊന്നും തന്നെ ചെയ്തില്ലെങ്കിൽ മൂന്നാംകിട ദാസനും ദാസിയുമായിത്തീരും. സേവനം ചെയ്തിട്ടാണ് കഴിക്കുന്നതെങ്കിൽ ശരി. ജോലിയൊന്നും തന്നെ ചെയ്യാതെ എല്ലാം കഴിച്ച് തീർത്താൽ വീണ്ടും ധാരാളം ഭാരം വർദ്ധിക്കുന്നു. ഇവിടെയാണ് ഇരിക്കുന്നത്, പക്ഷേ നൽകിയതെല്ലാം തന്നെ കഴിച്ചു. ചിലർ ഒന്നും തന്നെ നൽകിയിട്ടില്ല, പക്ഷേ സേവനം ധാരാളം ചെയ്യുന്നുണ്ടെങ്കിൽ അവർക്ക് ഉയർന്ന പദവി ലഭിക്കും. മമ്മ ധനമോ ഒന്നും തന്നെ നൽകിയിട്ടില്ല, പക്ഷേ വളരെ ഉയർന്ന പദവിയാണ് ലഭിക്കുന്നത്, കാരണം

ബാബയുടെ ആത്മീയ സേവനം ചെയ്യുന്നുണ്ട്. കണക്കുണ്ടല്ലോ. പലർക്കും ഈ ലഹരിയാണ് ഞങ്ങൾ സർവ്വതും ബാബയ്ക്ക് നൽകിയിട്ടുണ്ട്, സമർപ്പണവുമായി. പക്ഷേ ഇവിടെ നിന്നും കഴിക്കുന്നുമുണ്ടല്ലോ. ബാബ എല്ലാത്തിനും ഉദാഹരണം പറഞ്ഞുതരുന്നുണ്ട്. സേവനം ഒന്നും ചെയ്തില്ല, കഴിക്കുക മാത്രമാണ് ചെയ്തത് എങ്കിൽ എല്ലാം നഷ്ടപ്പെടുത്തി. ഇങ്ങനെ പറയാറുണ്ടല്ലോ – ആര് ഉറങ്ങിയോ അവർ എല്ലാം നഷ്ടപ്പെടുത്തിയെന്ന്. 8 മണിക്കൂർ സേവനം ചെയ്യാതെ കഴിക്കുന്നത് നിഷിദ്ധമാണ്. കഴിച്ചുകൊണ്ടിരുന്നാൽ ഒന്നും തന്നെ ശേഖരിക്കപ്പെടുന്നില്ല, പിന്നീട് സേവനവും ചെയ്യണം. ബാബയ്ക്ക് എല്ലാം പറഞ്ഞുതരണമല്ലോ, പിന്നീട് ആരും ഇങ്ങനെ പറയരുത്, എന്തുകൊണ്ട് ഞങ്ങൾക്ക് പറഞ്ഞുതന്നില്ല? ബാബ സർവ്വതും നൽകി, പിന്നീട് സേവനവും ചെയ്യുന്നുണ്ടെങ്കിൽ, ഉയർന്ന പദവി ലഭിക്കും. സമർപ്പണമായി, ഇരുന്നു കഴിക്കുകമാത്രം ചെയ്തു, സേവനമൊന്നും തന്നെ ചെയ്തിട്ടില്ലെങ്കിൽ എന്തായിത്തീരും? ശ്രീമത്തനുസരിച്ചല്ല നടക്കുന്നത്. ബാബ പ്രത്യേകിച്ച് മനസ്സിലാക്കിത്തരുകയാണ്, പിന്നീട് അവസാനം ഒരിക്കലും ഇങ്ങനെ പറയരുത് എന്തുകൊണ്ട് ഞങ്ങളുടെ പദവി ഇങ്ങനെയായി? അപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു – സേവനം ചെയ്യാതിരിക്കുക, വെറുതെ കഴിക്കുക, അവരുടെ ഭാവി കല്പകല്പാന്തരവും ഇതുപോലെത്തന്നെയായിരിക്കും. അതുകൊണ്ടാണ് ബാബ നേരത്തെത്തന്നെ മുന്നറിയിപ്പ് നൽകുന്നത്. മനസ്സിലാക്കണം കല്പകല്പാന്തരവും നമ്മുടെ പദവി ഭ്രഷ്ടമായിത്തീരും. ബാബയ്ക്ക് ദയ തോന്നുന്നതുകൊണ്ടാണ് ഓരോ കാര്യവും മനസ്സിലാക്കിത്തരുന്നത്. സേവനം ചെയ്തിട്ടില്ലെങ്കിൽ ഉയർന്ന പദവി ലഭിക്കില്ല. ആരാണോ ഗൃഹസ്ഥത്തിൽ ഇരുന്നുകൊണ്ടും സേവനം ചെയ്യുന്നത് അവരുടെ പദവി ഉയർന്നതാണ്.

മുഴുവൻ ആധാരവും പഠിപ്പിലും പഠിപ്പിക്കുന്ന കാര്യത്തിലുമാണ്.  നിങ്ങൾ ബ്രാഹ്മണരാണ്, നിങ്ങൾക്ക് സത്യമായ ഗീത കേൾപ്പിക്കണം. അവരുടെ കക്ഷത്തിൽ ആത്മീയ പുസ്തകങ്ങളാണ്, നിങ്ങളുടെ കക്ഷത്തിൽ ഒന്നും തന്നെയില്ല, നിങ്ങൾ സത്യമായ ബ്രാഹ്മണരാണ്. നിങ്ങൾക്ക് സത്യം മാത്രം കേൾപ്പിക്കണം, സത്യമായ പ്രാപ്തി ചെയ്യിപ്പിക്കണം, മറ്റെല്ലാവരും നഷ്ടമാണ് നൽകിയത്, അതുകൊണ്ടാണ് എല്ലാം തന്നെ അസത്യമാണെന്ന് എഴുതിയിട്ടുള്ളത്. ബാബ സത്യം കേൾപ്പിച്ച് സത്യഖണ്ഡത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. വിശ്വത്തിന്റെ അധികാരിയായിത്തീരുക എന്നുള്ളത് ചെറിയ കാര്യമാണോ! വിവേകശാലികളായ കുട്ടികൾ ഓരോ പ്ലാനുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കും – ഞങ്ങൾ സ്വർണ്ണത്തിന്റെ ഇഷ്ടികകൾ കൊണ്ട് ഇങ്ങനെയെല്ലാം കെട്ടിടങ്ങൾ ഉണ്ടാക്കും. ധനവാന്മാരുടെ കുട്ടികൾ വലുതായിക്കഴിഞ്ഞാൽ അവർക്ക് ഈ ചിന്തയുണ്ടാവും – ഞങ്ങൾ ഇത് ചെയ്യും, ഇത് ഉണ്ടാക്കും. നിങ്ങളും ഭാവിയിൽ രാജകുമാരനായിത്തീരുമ്പോൾ ഈ ലഹരിയുണ്ടാവുമല്ലോ – ഞങ്ങൾ ഇങ്ങനെയുള്ള കൊട്ടാരങ്ങൾ ഉണ്ടാക്കുമെന്ന്. ഇത് മറ്റാരുടെയുമായിരിക്കില്ല. പക്ഷേ ഈ ചിന്താഗതികൾ അവർക്കേ ഉണ്ടാവൂ ആരാണോ നല്ല രീതിയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. ചക്രവർത്തി പദവിയുണ്ടല്ലോ. അപ്പോൾ ബുദ്ധിയിൽ ഈ ചിന്തയുണ്ടാവും – ഞങ്ങൾ ഏതു നമ്പറിലാണ് പാസ്സാകുന്നത്. ഇത് ഏറ്റവും വലിയ വിദ്യാലയമാണ്, ഇതിൽ ലക്ഷക്കണക്കിനു ആളുകൾ വരും, ധാരാളം പേർ പഠിക്കും. ഈ കാര്യങ്ങളെല്ലാം തന്നെ ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ഭഗവാൻ ഒന്നേയുള്ളൂ, ഭഗവാനെയാണ് മാതാപിതാവെന്നു പറയുന്നത് – ബാബ വന്ന് ദത്തെടുക്കുന്നു. എത്ര ഗുഹ്യമായ കാര്യങ്ങളാണ്. ഇത് പുതിയ വിദ്യാലയമാണ്, പഠിപ്പിക്കുന്ന ആളും പുതിയതാണ്. എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. യോഗ്യതയുള്ളവരുടെ സഞ്ചിയാണ് നിറയുക, അവർ ബാബയെ ഓർമ്മിക്കും. മാതാപിതാവിനെ ഒരിക്കലും ആരും തന്നെ മറക്കാറില്ല. പിന്നെ സംഗമയുഗീ കുട്ടികൾക്ക് എങ്ങനെ ബാബയെ മറക്കാൻ സാധിക്കും?  ശരി.

ലോകത്തിലുള്ളവർ അശാന്തിയിലാണ്, നിങ്ങൾ ശാന്തിയിലും. ശാന്തിയിലാണ് സുഖം. നിങ്ങൾക്ക് അറിയാം മുക്തിയ്ക്കുശേഷം പിന്നീട് ജീവന്മുക്തിയാണ്. നിങ്ങൾ കുട്ടികൾക്ക് കേവലം രണ്ട് അക്ഷരം ഓർമ്മ വേണം – അൽഫ്– അള്ളാഹു, ബേ– ചക്രവർത്തിപദവി. കേവലം അള്ളാഹുവിനെ ഓർമ്മിക്കുകയാണെങ്കിൽ ചക്രവർത്തിപദവി ലഭിക്കും. ബാക്കി എന്താണ് അവശേഷിച്ചിട്ടുള്ളത്? ബാക്കി മോര് മാത്രമെയുള്ളൂ. അള്ളാഹുവിനെ ലഭിച്ചു അർത്ഥം വെണ്ണ ലഭിച്ചു, ബാക്കിയെല്ലാം തന്നെ മോരാണ്. അങ്ങനെയല്ലേ, നമ്മൾ മിണ്ടാതെയിരിക്കുന്നു. എല്ലാം അറിഞ്ഞിട്ടും നമ്മൾ മിണ്ടാതിരുന്ന് ശ്രീമത്ത് പാലിക്കുന്നു. പക്ഷേ അത്ഭുതം ഇതാണ് കുട്ടികൾ അള്ളാഹുവിനെപ്പോലും പൂർണ്ണമായും ഓർമ്മിക്കുന്നില്ല മറന്നു പോകുന്നു. മായ കൊടുങ്കാറ്റ് കൊണ്ടുവരുന്നു. ബാബയും പറയുന്നതിതാണ് മന്മനാഭവ മദ്ധ്യാജീഭവ. ഗീതയിൽ ഈ അക്ഷരമുണ്ട്. അപ്പോൾ നിങ്ങൾക്ക് ഗീത കേൾപ്പിക്കുന്നവരോട് അർത്ഥം ചോദിക്കണം മന്മനാഭവ, മദ്ധ്യാജീഭവ എന്നതിന്റെ അർത്ഥം എന്താണെന്ന്? ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾക്ക് ചക്രവർത്തിപദവി ലഭിക്കും. സിക്ക് ഗ്രന്ഥത്തിലും പറയുന്നുണ്ട് – അള്ളാഹുവിനെ ജപിക്കൂ എന്നാൽ ചക്ര

വർത്തി പദവി ലഭിക്കുമെന്ന്. സത്യഖണ്ഡത്തിന്റെ പദവിയാണ് ലഭിക്കുന്നത്. നമ്മൾ ലോകത്തിൽ നിന്നും തീർത്തും വേറിട്ടതാണ്, മറ്റാരും തന്നെ ഇങ്ങനെ പറയുകയില്ല. ബാബ നിങ്ങൾക്ക് പുതിയ കാര്യങ്ങളാണ് കേൾപ്പിക്കുന്നത്, ബാക്കി എല്ലാവരും പഴയ കാര്യങ്ങൾ തന്നെയാണ് കേൾപ്പിക്കുക. കാര്യം വളരെ സഹജമാണ്. അള്ളാഹുവിന്റേതായിത്തീർന്നാൽ ചക്രവർത്തി പദവി ലഭിക്കും. എന്നാലും പുരുഷാർത്ഥം ചെയ്യണമല്ലോ. എത്രത്തോളം തനിക്കു സമാനമാക്കി മാറ്റാനുള്ള സേവനം ചെയ്യുന്നുവോ അത്രയ്ക്കും ഫലം ലഭിയ്ക്കും. മനുഷ്യർക്ക് അള്ളാഹുവിനെക്കുറിച്ചോ ചക്രവർത്തി പദവിയെക്കുറിച്ചോ അറിയുന്നില്ല. ചക്രവർത്തി പദവി അർത്ഥം അത് വെണ്ണയാണ്. കൃഷ്ണന്റെ വായിൽ വെണ്ണ കാണിക്കുന്നുണ്ടല്ലോ. തീർച്ചയായും സ്വർഗ്ഗത്തെ സ്ഥാപിക്കുന്നവർ തന്നെയാണ് വെണ്ണ നൽകിയിട്ടുണ്ടാവുക. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1. തിരിച്ചു മധുരമായ വീട്ടിലേക്കു പോകണം അതുകൊണ്ട് ദേഹത്തിന്റെ ധർമ്മത്തെയും സംബന്ധങ്ങളെയും മറന്ന് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കണം. ഈ അഭ്യാസത്തിലിരിക്കണം.

2. ബാബ എന്ത് പഠിപ്പാണോ നൽകുന്നത്, അത് മറ്റുള്ളവർക്ക് നൽകണം, തനിക്കു സമാനമാക്കി മാറ്റണം. 8 മണിക്കൂർ തീർച്ചയായും സേവനം ചെയ്യണം.

## വരദാനം:– ശുദ്ധ ഫീലിങ്ങി(വിചാരം)ലൂടെ ഫ്ളു എന്ന അസുഖത്തെ ഇല്ലാതാക്കി വരദാനങ്ങളാൽ പാലിക്കപ്പെടുന്ന സഫലതാ മൂർത്തിയായി ഭവിക്കട്ടെ.

എല്ലാ കുട്ടികൾക്കും ബാപ്ദാദയുടെ ശ്രേഷ്ഠ നിർദ്ദേശമുണ്ട്– കുട്ടികളേ സദാ ശുദ്ധ ഫീലിങ്ങിലിരിക്കൂ. ഞാൻ സർവ്വശ്രേഷ്ഠം അതായത് കോടിയിൽ ചില ആത്മാവാണ്, ഞാൻ ദേവാത്മാവാണ്, മഹാനാത്മാവാണ്, വിശേഷ പാർട്ട്ധാരി ആത്മാവാണ്– ഈ ഫീലിങ്ങിലിരിക്കൂ എങ്കിൽ വ്യർത്ഥ വിചാരങ്ങളുടെ ഫ്ളു വരിക സാദ്ധ്യമല്ല. എവിടെ ഈ ശുദ്ധ ഫീലിങ്ങുണ്ടോ അവിടെ അശുദ്ധ ഫീലിങ്ങ് ഉണ്ടാകുക സാദ്ധ്യമല്ല. ഇതിലൂടെ ഫ്ളുവിന്റെ അസുഖത്തിൽ നിന്ന് അതായത് പ്രയത്നിക്കുന്നതിൽ നിന്ന് മോചിതരാകാം, മാത്രമല്ല സദാ സ്വയം ഇങ്ങനെയുള്ള അനുഭവം ചെയ്യും അതായത് ഞങ്ങൾ വരദാനങ്ങളാൽ പാലിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്, സേവനത്തിൽ സഫലത നേടിക്കൊണ്ടിരിക്കുകയാണ്.

## സ്ലോഗൻ:– സംഗമയുഗീ മര്യാദാ പുരുഷോത്തരാകുക– ഇത് തന്നെയാണ് ബ്രാഹ്മണ ജീവിതത്തിന്റെ ശ്രേഷ്ഠ ലക്ഷ്യം.